01173682

K19U 3354

Reg. No. : ...............................

Name : ...................................

# I Semester B.A/B.Sc. Degree (CBCSS (OBE)- Regular) Examination, November - 2019

## (2019 Admnission)

## ADDITIONAL COMMON COURSE IN MALAYALAM

## 1A 07 MAL : കഥാമാതൃകകൾ

സമയം : 3 മണിക്കൂർ　　　　　　　　　　　　　　　　　　　　മാർക്ക് : 40

**I.** 4 ചോദ്യങ്ങളിൽ നിന്ന് രണ്ടെണ്ണത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. .　　　　**(2×7=14)**

1. മാതൃത്വം അനുഭവിക്കാൻ സാഹചര്യം ലഭിക്കാത്ത ഒരു യുവതിയുടെ മാനസിക തലങ്ങൾ മരപ്പാവകളിൽ ആവിഷ്കരിച്ചിട്ടുണ്ട്.- വിമർശന ദൃഷ്ട്യാ പരിശോധിക്കുക.

2. 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' എന്ന കഥയ്ക്കൊരു ആസ്വാദനം തയ്യാറാക്കുക.

3. ദളിതർക്കനുഭവിക്കേണ്ടി വരുന്ന അവഗണനയും ദുരിതങ്ങളും 'നൂറു സിംഹാസനങ്ങൾ' എന്ന നോവലിനെ മുൻനിർത്തി വിശകലനം ചെയ്യുക.

4. മാധ്യമങ്ങൾ അതിന്റെ ഉത്തരവാദിത്തവും ധാർമ്മികതയും മറന്ന് കച്ചവടക്കാരായി മാറുന്ന കാഴ്ച 'ആരാച്ചാരി'ലെ ഇരുപത്തിനാലാം അധ്യായത്തെ മുൻനിർത്തി വിവരിക്കുക.

**II.** 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.　　　　**(4×3=12)**

5. പൊങ്ങച്ചക്കാരുടെ വാക്ക് വിശ്വസിച്ച് കൂടെ പോകുന്നവർക്ക് പറ്റുന്ന അമളിയെ 'മദിരാശി പിത്തലാട്ടം' എന്ന കഥയിൽ ആവിഷ്കരിക്കുന്നതെങ്ങനെ?

P.T.O.

6. സ്ത്രീത്വത്തിന്റെ മഹത്വം 'അശോക' എന്ന കഥയിൽ ചിത്രീകരിക്കുന്നതെങ്ങനെ?

7. 'നൂറു സിംഹാസനങ്ങൾ' എന്ന നോവലിൽ പ്രത്യക്ഷപ്പെടുന്ന ധർമ്മപാലന്റെ അമ്മയുടെ സ്വഭാവം നിരൂപണം ചെയ്യുക.

8. ''അവൻ എന്തുതന്നെ ചെയ്തിട്ടുണ്ടെങ്കിലും അവൻ നിരപരാധിയാണ്'' ധർമ്മപാലൻ ഇങ്ങനെ പറയുവാനുണ്ടായ സാഹചര്യം വിശദീകരിക്കുക.

9. കർമ്മം - കർമ്മഫലം ഇവയെ വിശദീകരിക്കാനായി രവി പറഞ്ഞ കഥ പരിചയപ്പെടുത്തുക.

10. ''കേളു മാഷ്ടർക്ക് പറ്റിയ ബ്ലീച്ച് '' - വിശദീകരിക്കുക.

III. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 100 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11. വി ടി ഭട്ടതിരിപ്പാട് പരിചയപ്പെട്ട നമ്പൂതിരി സ്ത്രീ പറഞ്ഞ കഥ ചുരുക്കി എഴുതുക.

12. നളിനി പുരുഷരൂപങ്ങൾ ഉണ്ടാക്കേണ്ടെന്ന് തീരുമാനിക്കാൻ കാരണമെന്ത്?

13. അമർജിത്തിനെയും മകൻ ജഗ്ഗിയെയും കന്യാസ്ത്രീ മഠങ്ങളിൽ ഉള്ളവർ രക്ഷിച്ചതെങ്ങനെ?

14. ദളിതരെ ഉയർത്തിക്കൊണ്ടുവരാൻ പ്രജാനന്ദ സ്വാമികൾ വഹിച്ച പങ്കെന്ത്?

15. ധർമ്മപാലന്റെ ഭാര്യയായ സുധയെന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

16. രാമൻ കുട്ടി നമ്പ്യാർക്ക് കുബേരൻ നമ്പൂതിരി രണ്ട് മുണ്ട് പാരിതോഷികമായി നൽകാൻ ഇടയാക്കിയ സംഭവമെന്ത്?

**IV.** 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×½=6)**

17. ''പൊതുജനാഭിപ്രായത്തെ വിഗണിച്ച് മുമ്പോട്ട് പോകുന്ന ഒരു ഭരണകൂടത്തെയാണ് എനിക്കിപ്പോൾ ഓർമ്മവന്നത് '' സന്ദർഭമേത് ?

18. ''ദർശനം തന്ന ശേഷം അപ്രത്യക്ഷമാകുന്ന ഒരു ദൈവത്തെപ്പോലെ അവൾ മായുകയാണ് '' - സന്ദർഭം എഴുതുക.

19. കുറിപ്പെഴുതുക - ജയമോഹൻ

20. തുമ്പികളെക്കുറിച്ചുള്ള ഖസാക്കുകാരുടെ വിശ്വാസമെന്ത് ?

21. പ്രേമലതയെ തൂക്കിക്കൊല്ലണ്ണമെന്ന് ഥാക്കുമാ പറയാൻ കാരണമെന്ത്?

22. ശ്രീരാമൻ ശംബുകനെ വധിക്കാൻ കാരണമെന്ത് ?